## 13 -ാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5500 01/07/2014 - ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതികൾക്ക് ഓട്ടോറിക്ഷ നല്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | കുമാരി. പി. കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | പട്ടികവർഗ്ഗവിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതികൾക്ക് ഓട്ടോ റിക്ഷ നൽകുന്ന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ നിന്നും ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്; | (എ) | ഓരോ ജില്ലയിലെയും പട്ടികവർഗ്ഗ സമുദായത്തിനും അവരവരുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി പ്രാതിനിധ്യം നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ആനുപാതിക പ്രാതിനിധ്യം നൽകുന്നതിന് ഒരു സമുദായത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെ വന്നാൽ ടി അവസരം മറ്റ് സമുദായക്കാർക്ക് ലഭിക്കുന്നതാണ്. അപേക്ഷകരിൽ വിധവകൾ, വിധവകളുടെ മക്കൾ, അവിവാഹിതരായ അമ്മമാർ, അവരുടെ മക്കൾ, ആശ്രിതർ, സ്ത്രീകൾ കുടുംബനാഥനായുള്ള കുടുംബത്തിലെ പെൺകുട്ടികൾ എന്നിവർക്ക് മുൻഗണന നൽകുന്നു. അപേക്ഷകർ 18 നും 40 നും മദ്ധ്യേപ്രായമുള്ളവരും പട്ടികവർഗ്ഗക്കാരും 40,000/- രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനം ഇല്ലാത്തവരുമായിരിക്കണം. ഈ മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ജില്ലാകളക്ടർ അഥവാ ജില്ലാകളക്ടറുടെ പ്രതിനിധി (തഹസീൽദാരിൽ കുറയാത്ത ഉദ്യോഗസ്ഥർ) പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ, മോട്ടോർ വാഹന വകുപ്പിലെ ജില്ലാ ഓഫീസർ അഥവാ അവരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡ് അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്ര പേരെയാണ് ടി പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ഏറനാട് മണ്ഡലത്തിൽ ശ്രീമതി.സരോജിനി, പനച്ചാക്കൽ വീട്, കണ്ടിലംപാറകോളനി, കക്കാടംപൊയിൽ. പി.ഒ. എന്നായാളെയാണ് ടി പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**